"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉപഭോക്തൃകാര്യ വകുപ്പ്- ലീഗൽ മെട്രോളജി- ശ്രീമതി.സാന്ദ്രാ ജോൺ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 514/2023 നമ്പർ കേസിലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.48/2023/CAD തീയതി,തിരുവനന്തപുരം, 04-09-2023

---

പരാമർശം:-

1. ശ്രീമതി.സാന്ദ്ര ജോൺ ഭക്ഷ്യ ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 02-03-2023 തീയതി രേഖപ്പെടുത്തിയ അപേക്ഷ.
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 388/2023 നമ്പർ കേസിലെ 10-03-2023 ലെ വിധിന്യായം.
3. സ.ഉ.(സാധാ).നം.17/2023/സി.എ.ഡി തീയതി 28-03-2023
4. സ.ഉ.(സാധാ).നം.18/2023/സി.എ.ഡി തീയതി 28-03-2023
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 514/2023 നമ്പർ കേസിലെ 27-07-2023 ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

ലീഗൽ മെട്രോളജി വകുപ്പിൽ, കൊല്ലം ഡെപ്യൂട്ടി കൺട്രോളറുടെ (ജനറൽ) തസ്തികയിൽ 28-02-2023 ലെ വിരമിക്കൽമൂലം നിലവിൽവന്ന ഒഴിവിലേക്ക് സ്ഥലമാറ്റം നൽകണമെന്നുള്ള കൊല്ലം ഡെപ്യൂട്ടി കൺട്രോളറായി (ഫ്ലയിങ് സ്ക്വാഡ്) സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.സാന്ദ്രാ ജോണിന്റെ പരാമർശം (1) ലെ അപേക്ഷ, ടി ഒഴിവ് നികത്തുന്നതിന് മുമ്പായി പരിഗണിക്കുവാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) ഉത്തരവ് പ്രകാരം സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി. സർക്കാർ വിവിധ വസ്തുതകൾ പരിശോധിച്ചശേഷം ടിയാളുടെ അപേക്ഷ നിരസിച്ചും, ബഹു.ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കിയും പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ പത്തനംതിട്ട ഡെപ്യൂട്ടി കൺട്രോളറായിരുന്ന ശ്രീ.ബി.ഐ.സൈലാസിന് കൊല്ലം ഡെപ്യൂട്ടി കൺട്രോളറുടെ (ജനറൽ) ഒഴിവിലേക്ക് പരാമർശം (4) പ്രകാരം സ്ഥലമാറ്റം നൽകിയും ഉത്തരവായിരുന്നു.

2. എന്നാൽ പത്തനംതിട്ട ഡെപ്യൂട്ടി കൺട്രോളറായിരുന്ന ശ്രീ.ബി.ഐ.സൈലാസിന് കൊല്ലം ഡെപ്യൂട്ടി കൺട്രോളറുടെ (ജനറൽ) ഒഴിവിലേക്ക് പരാമർശം (4) പ്രകാരം സ്ഥലമാറ്റം നൽകിയ ഉത്തരവിനെതിരെ ശ്രീമതി.സാന്ദ്രാ ജോൺ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 514/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത കേസിൻമ്മേലുള്ള ബഹു ട്രിബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള ഉത്തരവിൽ ശ്രീമതി.സാന്ദ്ര ജോണിന്റെ ഇളയ മകൻ ഓട്ടിസം ബാധിതനും ഭിന്നശേഷിക്കാരനായതിനാലും,

വിവിധ താലൂക്കുകളിൽ ഫീൽഡ് ഡ്യൂട്ടി ചെയ്യേണ്ടതായിട്ടുള്ള ഡെപ്യൂട്ടി കൺട്രോളറുടെ (ഫ്ളയിംഗ് സ്ക്വാഡ്) ജോലിസ്വഭാവം മൂലം ടിയാന് ആവശ്യമായ പരിചരണവും ശ്രദ്ധയും ടിയാൾക്ക് നൽകാൻ കഴിയാതെ വരുമെന്നുള്ള വസ്തുതകൾ പരിഗണിച്ച് പരാമർശം (3) ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും, 2016 ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമങ്ങളിലെ സെക്ഷൻ 9, സെക്ഷൻ 3(4) എന്നിവയുടെ അടിസ്ഥാനത്തിൽ പരാമർശം (1) അപേക്ഷയിലെ നിരീഷണങ്ങളുടെ വെളിച്ചത്തിൽ പരാമർശം (4) ഉത്തരവ് പുനഃപരിശോധിക്കുവാനും ബഹു. ട്രിബ്യൂണൽ സർക്കാരിന് നിർദ്ദേശവും നൽകിയിരുന്നു.

3. സർക്കാർ ഇക്കാര്യം പരാമർശം (5) പ്രകാരമുള്ള ബഹു.ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലും, 2016 ലെ ഭിന്നശേഷിക്കാരുടെ അവകാശ നിയമങ്ങളിലെ സെക്ഷൻ 9, സെക്ഷൻ 3(4) എന്നിവയുടെ അടിസ്ഥാനത്തിലും വിശദമായി പരിശോധിച്ചു. അപേക്ഷകയുടെ ഇളയ മകൻ ഓട്ടിസം ബാധിതനും ഭിന്നശേഷിക്കാരനായതിനാലും, വിവിധ താലൂക്കുകളിൽ ഫീൽഡ് ഡ്യൂട്ടി ചെയ്യേണ്ടതായിട്ടുള്ള ഡെപ്യൂട്ടി കൺട്രോളറുടെ (ഫ്ളയിംഗ് സ്ക്വാഡ്) ജോലിസ്വഭാവം മൂലം ടിയാന് ആവശ്യമായ പരിചരണവും ശ്രദ്ധയും ടിയാൾക്ക് നൽകാൻ കഴിയാതെ വരുമെന്നുള്ള പരാമർശം (1) ലെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുതകൾ പരിഗണിച്ച്, ലീഗൽ മെട്രോളജി വകുപ്പിൽ നിലവിൽ കൊല്ലം ജില്ലയിൽ ഡെപ്യൂട്ടി കൺട്രോളറായി (ഫ്ലയിങ് സ്ക്വാഡ്) സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.സാന്ദ്ര ജോണിനെ കൊല്ലം ജില്ലയിൽ ഡെപ്യൂട്ടി കൺട്രോളറായി (ജനറൽ) സ്ഥലംമാറ്റം നൽകി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

4. നിലവിൽ ഡെപ്യൂട്ടി കൺട്രോളർ (ജനറൽ) ആയി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ബി.ഐ.സൈലാസിനെ ഡെപ്യൂട്ടി കൺട്രോളർ (ഫ്ലയിങ് സ്ക്വാഡ് ) ആയി മാറ്റി നിയമിച്ചും ഉത്തരവാകുന്നു.

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5) ലെ ഉത്തരവ് മേൽ പരാമർശിച്ച പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

കൺട്രോളർ,ലീഗൽ മെട്രോളജി വകുപ്പ്,തിരുവനന്തപുരം
ശ്രീമതി.സാന്ദ്രാ ജോൺ, ഡെപ്യൂട്ടി കൺട്രോളർ (ഫ്ലയിങ് സ്ക്വാഡ്),കൊല്ലം (ലീഗൽ മെട്രോളജി കൺട്രോളർ മുഖേന)
അഡ്വക്കേറ്റ് ജനറൽ ,തിരുവനന്തപുരം( ആമുഖ കത്ത് മുഖേന)
ശ്രീ.ബി.ഐ.സൈലാസ്,ഡെപ്യൂട്ടി കൺട്രോളർ (ജനറൽ),കൊല്ലം (ലീഗൽ മെട്രോളജി കൺട്രോളർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ),തിരുവനന്തപുരം
നവ-ദൃശ്യ-അച്ചടി വിഭാഗം,(വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.സി.എ.4/53/2023/സി.എ.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari I S
Date: 04-09-2023 17:12:09

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.ഭക്ഷ്യ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ് ന്